# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1371** **04.12.2014-ൽ മറുപടിക്ക്**

**തലശ്ശേരി - മാഹി ബൈപ്പാസ്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാന സർക്കാരിന്റെ നടപ്പ് സാമ്പത്തിക വർഷ ബഡ്ജറ്റിൽ തലശ്ശേരി- മാഹി ബൈപ്പാസിന്റെ നിർമ്മാണത്തിനായി എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | (എ) 2014 – 15 വർഷത്തെ ബജറ്റിൽ തലശ്ശേരി - മാഹി ബൈപ്പാസിനു മാത്രമായി തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (ബി) തലശ്ശേരി - മാഹി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;<br>(സി) തലശ്ശേരി നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി തലശ്ശേരി - മാഹി ബൈപ്പാസുമായി ബന്ധപ്പെടുത്തി എന്തെങ്കിലും ക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;<br>(ഡി) തലശ്ശേരി- മാഹി ബൈപ്പാസ് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) & (സി) & (ഡി) 18 കി.മീറ്റർ ദൂരം വരുന്ന തലശ്ശേരി - മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കി.മീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 12 കി.മീറ്റർ ദൂരം രണ്ട് വരിപ്പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ സ്റ്റാന്റ് എലോൺ (Stand alone) പ്രോജക്ടായി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് 300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ